"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകപ്പ് - നഗരകാര്യം -തൃശ്ശൂർ മുനിസിപ്പൽ കോർപറേഷനിൽ ജോയിന്റ് കോർപ്പറേഷൻ സെക്രട്ടറി തസ്തികയിൽ നിന്ന് 30.11.2024-ൽ വിരമിച്ച ശ്രീമതി.ഷാജില.എം-ന്റെ ജോയിന്റ് കോർപ്പറേഷൻ സെക്രട്ടറി തസ്തികയിലെ-നിരീക്ഷണകാലം പൂർത്തീകരിച്ച്-ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.1249/2025/LSGD തീയതി,തിരുവനന്തപുരം, 22-05-2025

പരാമർശം:-

1. എൽഎസ്ജിഡി(അർബൻ) ഡയറക്ടറുടെ 21.06.2022 തീയതിയിലെ DUA/5387/2022-E6 നമ്പർ ഉത്തരവ്
2. പ്രിൻസിപ്പൽ ഡയറക്ടറുടെ 12-03-2025&24.03.2025 തീയതികളിലെ LSGD/PD/27315/2024-DEH6 നമ്പർ കത്ത്

**ഉത്തരവ്**

ശ്രീമതി.ഷാജില.എം , പരാമർശം (1) ഉത്തരവ് പ്രകാരം, ഉദ്യോഗക്കയറ്റം മുഖേന ഡെപ്യൂട്ടി സെക്രട്ടറി (ജോയിന്റ് കോർപ്പറേഷൻ സെക്രട്ടറി) തസ്തികയിൽ 02.07.2022 പൂർവ്വാഹ്നം തീയതിയിൽ സേവനത്തിൽ പ്രവേശിച്ചിരുന്നു. ടിയാന്റെ ജോയിന്റ് കോർപ്പറേഷൻ സെക്രട്ടറി തസ്തികയിലെ നിരീക്ഷണകാലം പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുന്നതിനായി അപേക്ഷയും അനുബന്ധരേഖകളും തുടർനടപടികൾക്കായി പരാമർശം (2) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്.

2) ജോയിന്റ് കോർപറേഷൻ സെക്രട്ടറി തസ്തികയിലെ നിരീക്ഷണകാലം ആറ് മാസമാണ്. ശ്രീമതി.ഷാജില.എം-നിരീക്ഷണ കാലയളവിൽ 11 ദിവസം പ്രൊബേഷന് പരിഗണിക്കാത്ത അവധിയിൽ പ്രവേശിച്ചിട്ടുള്ളതായി കണ്ണൂർ മുൻസിപ്പൽ കോർപറേഷൻ അഡീഷണൽ സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ടിയാന്റെ ടി തസ്തികയിലെ നിരീക്ഷണകാലം 12.01.2023 അപരാഹ്നം പൂർത്തികരിച്ചിട്ടുള്ളതാണ്. ടിയാനെതിരെ വിജിലൻസ് കേസുകളോ മറ്റ് വകുപ്പുതല അച്ചടക്ക നടപടികളോ നിലവിലില്ലായെന്ന് പ്രിൻസിപ്പൽ ഡയറക്ടർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ സാഹചര്യത്തിൽ 30.11.2024-ൽ സർവ്വീസിൽ നിന്ന് വിരമിച്ച ശ്രീമതി.ഷാജില.എം-ന്റെ ജോയിന്റ് കോർപറേഷൻ സെക്രട്ടറി തസ്തികയിലെ നിരീക്ഷണകാലം കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവീസ് ചട്ടങ്ങളിലെ ജനറൽ റൂളിലെ ചട്ടം 20(ബി) പ്രകാരം 13.01.2023 പൂർവാഹ്നം പ്രാബല്യത്തിൽ പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

LALI K

ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ )/(ആഡിറ്റ്), തൃശ്ശൂർ
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ശ്രീമതി.ഷാജില.എം, ജോയിന്റ് കോർപ്പറേഷൻ സെക്രട്ടറി (റിട്ട), (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 22-05-2025 13:20:55
സെക്ഷൻ ഓഫീസർ